"ഭരണഭാഷ – മാതൃഭാഷ"

നമ്പർ. എച്ച് (2)/19423/2016/ഡിപിഐ/കെ.ഡിസ് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 05/08/2016

പൊതു വിദ്യാഭ്യാസ ഡയറക്ടർ.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ,
പട്ടാമ്പി.

സർ,

വിഷയം: പൊതു വിദ്യാഭ്യാസം - ജീവനം - പ്രസവാവധി അനുവദിക്കുന്നത് - സ്പഷ്ടീകരണം - സംബന്ധിച്ച് -

സൂചന : താങ്കളുടെ 24/2/2016-ലെ എഫ്/4080/2015 നമ്പർ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. അദ്ധ്യാപികമാർ വെക്കേഷൻ കാലയളവിൽ പ്രസവിച്ചാൽ സ്കൂൾ തുറന്ന ദിവസം മുതൽ 180 ദിവസം പ്രസവാവധി അനുവദിച്ചു നൽകാമോ, പ്രസവാവധിയിൽ പ്രസവ തീയതി ഉൾപ്പെടേണ്ട ആവശ്യമില്ലേ തുടങ്ങിയ കാര്യങ്ങളിൽ സ്പഷ്ടീകണമാണ് താങ്കൾ ആവശ്യപ്പെട്ടത്.

16/8/1990-ന് ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിന്റെ ഒരു സുപ്രധാന വിധി മേൽ വിഷയത്തിൽ ഉണ്ടായിട്ടുണ്ട്. (ഡബ്ല്യു.എ.നമ്പർ 47/1998) പ്രസവാവധി കണക്കാക്കാൻ പ്രസവ തീയതിയാണ് അടിസ്ഥാനമാകേണ്ടത് എന്നാണ് ഹൈക്കോടതിയുടെ വ്യാഖ്യാന മുണ്ടായത്. പ്രസക്തഭാഗം ഇങ്ങനെ

" No maternity leave can be grated from a date which is far remote from the actual date of confirement. The date of confirement is the central point in Maternity leave which could extend for a period anterior to the date of confirement and posterior to the said date....."

ഹൈക്കോടതിയുടെ നിയമ വ്യാഖ്യാനം എല്ലാവർക്കും ബാധകമായതിനാൽ അദ്ധ്യാപികമാർ വെക്കേഷൻ കാലയളവിൽ പ്രസവിച്ചാൽ പ്രസവതീയതി കൂടി ഉൾപ്പെടുന്നവിധത്തിൽ പ്രസവാവധി എടുത്തിരിക്കണമെന്ന സ്ഥിതി സംജാതമായിട്ടുണ്ട്. ടി സാഹചര്യത്തിൽ താങ്കൾ മേൽ വിഷയത്തിൽ സ്വീകരിച്ച നടപടി ശരിയാണെന്ന് കാണുന്നു.

വിശ്വസ്തതയോടെ,

ജെസ്സി ജോസഫ്,
പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ),
പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി.